# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 4252 | 19/10/2011- ലെ മറുപടിക്ക്

## ചുമട്ടു തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ചുമട്ടുകൂലി ഏകോപിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് ചുമട്ടുകൂലി ഏകോപിപ്പിക്കുവാൻ പ്രാരംഭ നടപടികൾ എന്ന നിലയിൽ 5 കോർപ്പറേഷനുകൾ ഉൾക്കൊള്ളുന്ന (തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) ജില്ലകളിൽ ചുമട്ടുതൊഴിലാളി(തൊഴിൽക്രമീകരണവും ക്ഷേമവും) പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിലെ കെട്ടിട നിർമ്മാണ/ഗാർഹിക നിർമ്മാണ മേഖലയിലെ കൂലി ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ഏകീകരിച്ച കൂലിപ്പട്ടിക തയ്യാറാക്കി കഴിഞ്ഞു. |
| (ബി) | ചുമട്ടുകൂലി ഏകോപിപ്പിക്കുന്നതിനായി ഒരു വിദഗ്ധസമിതിയെ നിയോഗിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഓരോ ജില്ലയിലേയും ജില്ലാ കമ്മറ്റി അംഗങ്ങളായ സർക്കാർ പ്രതിനിധികൾ, തൊഴിലുടമ പ്രതിനിധികൾ, തൊഴിലാളി പ്രതിനിധികൾ എന്നിവർ അടങ്ങിയ കമ്മറ്റി ചർച്ച ചെയ്ത് ചുമട്ടുകൂലി ഏകോപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ചുമട്ടു തൊഴിലാളികൾക്ക് രജിസ്ട്രേഷൻ കാർഡ് നല്കുമോ | (സി) | പദ്ധതി പ്രദേശത്ത് ഉണ്ടാകുന്ന ഒഴിവുകളിലേക്കും പുതിയതായി പദ്ധതി |

നടപ്പിലാക്കുന്ന പ്രദേശത്തേയും അതാത് പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസറിൽ നിന്നും 26 (എ) രജിസ്ട്രേഷന് കാർഡ് ലഭിച്ച ചുമട്ടു തൊഴിലാളികൾക്ക് ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ രജിസ്ട്രേഷൻ കാർഡ് നല്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ